# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in & kauagmet@yahoo.co.in**

**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 40/2019(80), വെള്ളിയാഴ്ച — **തീയ്യതി 04.10.2019**

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 05.10.2019 | 06.10.2019 | 07.10.2019 | 08.10.2019 | 09.10.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 4 | 4 | 7 | 7 | 8 |
| ഉയർന്ന താപനില (°C) | 35 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 93 | 93 | 93 | 93 | 93 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 6 | 8 | 6 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 250 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ടസ) | 5 | 5 | 6 | 6 | 7 |
| **ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.** | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ:** വിളകളിലെ രോഗകീടങ്ങൾ പടരാതെ നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ എടുക്കുക. | | |
| നെല്ല് (വിരിപ്പ്) കൊയ്ത്തു പരുവം | - | വിരിപ്പു കൃഷി കൊയ്ത്തു പരുവത്തിലാണ്. മുണ്ടകൻ കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കൽ ആരംഭിക്കാം. |
| തെങ്ങ് | കൂമ്പുചീയൽ | മഴക്കാലമായതിനാൽ, തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് ഒരു പായ്ക്കറ്റിൽ അഞ്ച് ഗ്രാം വീതം മൂന്ന് എണ്ണം ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും വയ്ക്കുക. |
| ജാതി | കായ് അഴുകൽ, ഇല പൊഴിച്ചിൽ | മഴക്കാലത്ത്, ജാതിയിൽ കായ്അഴുകൽ, ഇലപൊഴിച്ചിൽ എന്നീ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻപിണ്ണാക്കുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ചവെച്ച മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടുകൊടുക്കുക. ഒരു മാസത്തിനു ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക. മണ്ണിലെ അമ്ലത്വം കുറയ്ക്കാനായി കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. |
| ഇഞ്ചി | റൈസോം മാഗറ്റ് | ഇടവിട്ടുള്ള മഴയും വെയിലും മൂലം ഇഞ്ചിയിൽ റൈസോം മാഗറ്റിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. കൃഷിസ്ഥലങ്ങളിൽ മതിയായ നീർവാർച്ച സൗകര്യം ഒരുക്കുക. കൂടാതെ 2.5 മില്ലി ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി മണ്ണ് കുതിരത്തക്കവണ്ണം തടത്തിൽ ഒഴിച്ചു കൊടുക്കുക. |
| മൃഗസംരക്ഷണം | • കന്നുകാലികൾക്ക് നിത്യവും പച്ചപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുക.<br>• വിറ്റാമിൻ ധാതു ലവണ മിശ്രിതം നിർദിഷ്ട അളവിൽ നിത്യേന നൽകുക.<br>(CAADECCS, KVASU മണ്ണുത്തി) | |